വിശാലകൊച്ചി വികസന അതോറിട്ടിക്ക് വിവിധ ഭവന നിർമ്മാണ പദ്ധതികൾക്കായി ഹഡ്കോ 138.15 ലക്ഷം രൂപ അനുവദിച്ചതിൽ, ചില പ്രത്യേക സാങ്കേതിക കാരണങ്ങളാൽ ഉദ്ദേശിച്ചത്ര വേഗത്തിൽ പദ്ധതികൾ നടപ്പിൽ വരുത്താൻ സാധിക്കാത്തതുകൊണ്ട് ഇതിനകം 55.70 ലക്ഷം രൂപ മാത്രമേ ഹഡ്കോയിൽനിന്നും വാങ്ങാൻ കഴിഞ്ഞിട്ടുള്ളു. ബാക്കി തുകയും ഭവനനിർമ്മാണം പുരോഗതി പ്രാപിക്കുന്ന മുറയ്ക്ക് വാങ്ങി ചിലവാക്കുന്നതാണ്.

ഫാക്ടറികളിൽനിന്നും ഒഴുകുന്ന മലിന ജലം

*487 [512] ശ്രീ. പി.പി.വി. മൂസ്സ:

,, കെ. പി. രാമൻ:

,, പി.എം. അബൂബക്കർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വനവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഫാക്ടറികളിൽനിന്നും മലിനജലം പുഴകളിലേക്ക് ഒഴുകുന്നതുമൂലമുണ്ടാകുന്ന വിഷമതകളെ സംബന്ധിച്ച് എത്തെല്ലാം പ്രദേശങ്ങളിൽനിന്ന് ഗവൺമെന്റിന് ആക്ഷേപങ്ങൾ കിട്ടിയിട്ടുണ്ട്;

(ബി) മാവൂരിലെ ഗ്വാളിയോർ റയോൺസ് പരിസരത്തുള്ള ജല വായുമലിനീകരണത്തെ സംബന്ധിച്ചുള്ള പരാതിയിൻമേൽ ഗവൺമെന്റ് എന്ത് നടപടി സ്വീകരിച്ചു;

(സി) സംസ്ഥാനത്തെ ജലമലിനീകരണ ബോർഡ് നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ നടപ്പാക്കാത്ത എത്ര ഫാക്ടറികളുണ്ട്;

(ഡി) അവയുടെ മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു?

വ്യവസായവും വനവും വകുപ്പുമന്ത്രി (ശ്രീ. പി. എസ്. ശ്രീനിവാസൻ):

(എ) തിരുവനന്തപുരത്തെ കൊച്ചുവേളി, വെട്ടുകാട്, ഏലൂർ, ഉദ്യോഗമണ്ഡൽ, കൊച്ചി, കോഴിക്കോട്, മാവൂർ എന്നീ പ്രദേശങ്ങളിൽ നിന്ന് ആക്ഷേപങ്ങൾ കിട്ടിയിട്ടുണ്ട്.

(ബി) ജലമലിനീകരണം നിയന്ത്രിക്കുന്നതിനും തടയുന്നതിനും വേണ്ടി രൂപീകരിച്ചിട്ടുള്ള സ്റ്റേറ്റു ബോർഡ് ഈ കമ്പനിക്കെതിരെ നിയമപരമായ നടപടികൾ സ്വീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

(സി) ഒരു ഫാക്ടറി (ഗ്വാളിയോർ റയോൺസ്)

(ഡി) 10.8.77-ൽ കൂടിയ ബോർഡ് യോഗത്തിൽ ചുങ്കപ്പള്ളിയിൽ മലിനജലം ഒഴുക്കുന്നതിന് വേണ്ട പണികൾ പുരോഗമിക്കുന്നില്ലെന്നുള്ള വസ്തുത പരാമർശവിഷയമാകുകയുണ്ടായി. ഈ പണികൾ പൂർത്തിയാക്കുന്നതിന് ഇനി കൂടുതൽ സമയം അനുവദിക്കേണ്ടതില്ലെന്ന് ബോർഡ് തീരുമാനിച്ചു. നിർദ്ദേശങ്ങൾ ഫാക്ടറി നടപ്പിലാക്കാത്തതിന്റെ കാരണം കാണിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് 28.9.77-ൽ മാനേജ്മെന്റിന് നോട്ടീസ് നൽകുകയുണ്ടായി. 30.11.77-ൽ ഫാക്ടറി പണി മുടക്കുമൂലം അടച്ചിടുകയുണ്ടായി. ഫാക്ടറി 5.8.78-ൽ പുനരാരംഭിച്ചപ്പോഴത്തെന്നെ മലിനീകരണ നിവാരണത്തിനാവശ്യമായ നടപടികൾ സ്വീകരിച്ചു. ഗവൺമെന്റ് നിർദ്ദേശം അനുസരിച്ച് ഈ പ്രശ്നം

LIBRARY ARCHIVES Kerala Legislative Assembly

20.2.79-ലെ ബോർഡിന്റെ അസാധാരണയോഗം പരിഗണിക്കുകയും ഗവാളിയോർ റയോൺസിനെതിരെ പ്രോസിക്യൂഷൻ നടപടികൾ എടുക്കുന്നതിന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

ഹൗസിംഗ് കോളനികൾ

*488 [518] ശ്രീ. കെ.എസ്. തങ്കം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും ഭവനനിർമ്മാണവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിലെ എല്ലാ പഞ്ചായത്തുകളിലും ഓരോ ഹൗസിംഗ് കോളനികൾ ആരംഭിക്കാൻ ഉദ്ദേശമുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇങ്ങനെയൊരു പദ്ധതിയെ സംബന്ധിച്ച് ആലോചിക്കാമോ?

തൊഴിലും ഭവനനിർമ്മാണവും വകുപ്പു മന്ത്രി (ശ്രീ. എം. കെ. രാഘവൻ):

(എ) എല്ലാ പഞ്ചായത്തുകളിലും ഓരോ ഹൗസിംഗ് കോളനി ആരംഭിക്കാൻ ഹൗസിംഗ് ബോർഡിന് ഉദ്ദേശമുണ്ട്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

നഗരസഭയ്ക്ക് പരിധി നിശ്ചയിക്കുന്ന നിയമം

*489 [515] ശ്രീ. പി. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും ഭവനനിർമ്മാണവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരസഭയ്ക്ക് പരിധി നിശ്ചയിക്കുന്ന നിയമം ഉണ്ടാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇല്ലെങ്കിൽ അതിനുള്ള കാരണം എന്ത്?

റവന്യൂവും സഹകരണവും വകുപ്പു മന്ത്രി (ശ്രീ. ബേബി ജോൺ):

(എ) ഈ വിഷയം പരിഗണനയിൽ ആണ്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

ഓവർസീസ് ഡവലപ്മെന്റ് ആൻറ് എംപ്ലോയ്മെന്റ് കൺസൽട്ടൻറ് ലിമിറ്റഡ്

*490 [516] ശ്രീ. കെ. സുകുമാരനുണ്ണി :
,, കെ. പി. നൂറുദ്ദീൻ:
,, സി. പി. ഗോവിന്ദൻനമ്പ്യാർ:
,, എൻ. പി. മൊയ്തീൻ:
,, ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും ഭവനനിർമ്മാണവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓവർസീസ് ഡവലപ്മെന്റ് ആൻറ് എംപ്ലോയ്മെന്റ് കൺസൽട്ടൻസ് ലിമിറ്റഡ് ഉദ്യോഗാർത്ഥികളെ തിരഞ്ഞെടുക്കുന്നതിന് നിർദ്ദേശിച്ചിട്ടുള്ള മാനദണ്ഡം എന്താണ്;

(ബി) കേരളത്തിൽനിന്നും അയച്ചവർക്കെല്ലാം തൊഴിൽ ലഭിച്ചുവോ; ഇല്ലെങ്കിൽ എത്ര പേർക്ക്;

LIBRARY ARCHIVES Kerala Legislative Assembly